**സബ്മിഷൻ**

(1) മിനിഡാം പുനർനിർമ്മാണം

ശ്രീ. എ. പ്രഭാകരൻ: സർ, മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിൽ ചെല്ലങ്കാവ് മിനിഡാം പുനർനിർമ്മിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. 2018-ലെ പ്രളയത്തിൽ പ്രസ്തുത ഡാം തകർന്നുപോകുകയും ഉരുൾപൊട്ടലിന്റെ ഭാഗമായി കൃഷിഭൂമിയൊക്കെ മണ്ണുമൂടിയ അവസ്ഥയുമുണ്ടായി. അതിനുശേഷം അത് പുനർനിർമ്മിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി മൈനർ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് പ്രഖ്യാപനവും നടത്തിയതാണ്. ഇതിന്റെ ഗൗരവാവസ്ഥ എനിക്ക് മുൻപ് ആ മണ്ഡലത്തെ പ്രതിനിധീകരിച്ച ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ഈ സഭയിൽ ബോധ്യപ്പെടുത്തിയതാണ്. എന്നാൽ നാളിതുവരെ അത് പുനർനിർമ്മിച്ചിട്ടില്ല. പത്തര ഏക്കർ സ്ഥലമാണ് അതിന്റെ വിസ്തൃതി. അതിനടുത്തായി ഏകദേശം പത്ത് മുന്നൂറ് ഏക്കറോളം സ്ഥലം കൃഷിഭൂമിയാണുള്ളത്. നൂറോളം കർഷക കുടുംബങ്ങൾ ഇന്ന് വല്ലാത്ത ബുദ്ധിമുട്ടിലാണ്. നെല്ല്, തെങ്ങ്, വാഴ തുടങ്ങിയവയാണ് അവിടെ കൃഷി ചെയ്യുന്നത്. 2018-നുശേഷം വല്ലാതെ ബുദ്ധിമുട്ടി, വയൽ

നികത്തി അവർ ഒരുവിധം കൃഷി ചെയ്തുകൊണ്ടിരുന്നെങ്കിലും ഓരോ കാലത്തും പെയ്യുന്ന മഴയത്ത് കുത്തിയൊലിച്ചുവരുന്ന മലവെള്ളം അവരെ വല്ലാതെ ബുദ്ധിമുട്ടിച്ചുകൊണ്ട് ആ വയലാകെ മൂടുകയാണ്. വളരെ മനോഹരമായി, സുന്ദരമായി സമാധാനത്തോടുകൂടി ജീവിച്ച ഒരു ഗ്രാമം ഇന്ന് കണ്ണീരും കയ്യുമായി കഴിയുകയാണ്. ഡാം നിർമ്മിക്കാത്തതിനാൽ ഒരു ഭാഗത്ത് മലവെള്ളപ്പാച്ചിൽ ആ പ്രദേശത്തെയാകെ നശിപ്പിക്കുമ്പോൾ മറുഭാഗത്ത് ആനയും പുലിയുമുൾപ്പെടെയുള്ള വന്യമൃഗങ്ങൾ അവരെ വേട്ടയാടുകയാണ്. ആ പ്രശ്നത്തിന് തൽക്കാലം പരിഹാരമുണ്ടാകില്ല എന്നെനിക്കറിയാം. എന്തായാലും ഡാം എങ്കിലും പുനർനിർമ്മിച്ച് ആ പാവപ്പെട്ടവരെ രക്ഷിക്കാനാവശ്യമായ നടപടി ഉടൻ കൈക്കൊള്ളണമെന്ന് ഞാൻ വളരെ വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലങ്കാവ് മിനിഡാം 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ തകർന്നുപോയതാണ്. ഇത് പുനർനിർമ്മിക്കുന്നതിന് NABARD-RIDF (National Bank for Agriculture and Rural Development-Rural Infrastructure

Development Fund) XXV-ാം വിഹിതത്തിൽ ഉൾപ്പെടുത്തി വിശദമായ പദ്ധതിരേഖ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നബാർഡിന് സമർപ്പിച്ചിരുന്നെങ്കിലും ആയതിന് നബാർഡ് അംഗീകാരം നൽകിയില്ല. തുടർന്ന് പാലക്കാട് ചെറുകിട ജലസേചന ഉപവിഭാഗം ഈ മിനിഡാമിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശവും ആയക്കെട്ട് പ്രദേശവും പരിശോധിക്കുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയുമാണ്. പ്രസ്തുത എസ്റ്റിമേറ്റിൽ 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ തകർന്നുപോയ രണ്ട് ബണ്ടുകൾ ബലപ്പെടുത്തുന്നതിനും മിനിഡാമിന്റെ പുനർനിർമ്മാണത്തിനും ഷട്ടറുകൾ സ്ഥാപിക്കുന്നതിനുമാണ് മുഖ്യമായും ഊന്നൽ നൽകിയിരിക്കുന്നത്. കൂടാതെ പ്രളയത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കംചെയ്ത് മിനിഡാമിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് ഏറെ താമസംകൂടാതെതന്നെ ലഭ്യമാകും. അതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പ്രളയകാലത്ത് കാർഷിക മേഖലയിലുണ്ടാകുന്ന പ്രശ്നങ്ങളും വന്യമൃഗങ്ങളുടെ ശല്യവുമെല്ലാം നേരിടുന്ന ഒരു പ്രദേശമെന്നുള്ള

നിലയിൽ സജീവമായിട്ടുള്ള പരിഗണന നൽകണമെന്നുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്.

(2) ഭാരതപ്പുഴ സംരക്ഷണം

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഭാരതത്തിന്റെ പേരിൽ രാജ്യത്ത് അറിയപ്പെടുന്ന പുഴയാണ് ഭാരതപ്പുഴ. 269 കിലോ മീറ്റർ ദൂരത്തിൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലൂടെ ഒഴുകി പൊന്നാനിവഴിയാണ് ഭാരതപ്പുഴ അറബിക്കടലിൽ ചേരുന്നത്. ഇതിന്റെ ചരിത്രവും സാംസ്കാരിക പൈതൃകവും ഞാൻ വിശദീകരിക്കുന്നില്ല. പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി 27 കുടിവെള്ള പദ്ധതികളും 31 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമെ ഒട്ടേറെ തടയണകൾ പ്രവർത്തിക്കുന്നു. വെള്ളിയാംകല്ല്, ചമ്രവട്ടം തുടങ്ങിയ റെഗുലേറ്റർ പാലങ്ങളും അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജല സംരക്ഷണ കാര്യങ്ങളും അവിടെ നടക്കുന്നുണ്ട്. മാന്നനൂരിൽ കഴിഞ്ഞ 2014-ൽ അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച് 2016-ൽ കമ്മീഷൻ ചെയ്ത് 2018-ൽ തകർന്നുപോയ ഉരുക്കുതടയണയുണ്ട്. അതുപോലെ ഭാരതപ്പുഴയും തൂതപ്പുഴയും സന്ധിക്കുന്ന കൂടല്ലൂർ പ്രദേശത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന കൂട്ടക്കടവ് തടയണയുമായി

ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ട്. 2018-ലെയും 2019-ലെയും മഹാപ്രളയത്തിൽ ആ പ്രദേശങ്ങൾ ആകെ മുങ്ങിപോകുകയാണുണ്ടായത്. ഞാൻ ഭാരതപ്പുഴയുടെ ഓരമായ കുട്ടക്കടവ് പ്രദേശത്ത് താമസിക്കുന്ന ആളാണ്. എന്റെ മണ്ഡലമായ ഷൊർണ്ണൂർ 40 കിലോമീറ്ററോളം പുഴയോരത്തുതന്നെയുള്ള മണ്ഡലംകൂടിയാണ്. അതുകൊണ്ട് ഭാരതപ്പുഴയെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്ന ഒട്ടേറെ ഇറിഗേഷൻ പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും സംരക്ഷണത്തിന് ഭാരതപ്പുഴ ലൈവായി നിൽക്കണം. കുറേ വർഷങ്ങളായി അടിഞ്ഞുകൂടിയ മണലിന്റെയും മൺകൂനകളുടെയും കണ്ടൽകാടിന്റെയും ഭാഗമായി പുഴയ്ക്ക് ഒഴുകാൻ നിർവ്വാഹമില്ല. പ്രളയമുണ്ടാകുന്ന സന്ദർഭത്തിൽ പുഴ ഗതിമാറി ഒഴുകുകയാണ്. അതുകൊണ്ട് ഭാരതപ്പുഴയെയും ആവാസ വ്യവസ്ഥകളെയും സംരക്ഷിക്കണം. 2018-ലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കുട്ടക്കടവ് തടയണയുടെ അലൈൻമെന്റിലും ഡിസൈനിംഗിലും മാറ്റംവരുത്തി ജനങ്ങളുടെ ആശങ്ക ദൂരീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ മാന്നനൂരിൽ പുഴ ഗതിമാറി ഒഴുകിയതിന്റെ ഭാഗമായി തകർന്നുപോയ മാന്നനൂർ ഉരുക്കുതടയണ സംരക്ഷിച്ചുകൊണ്ട് ആ പ്രദേശത്തെ ജനങ്ങൾക്കാവശ്യമായ

സംരക്ഷണം നൽകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഭാരതപ്പുഴയുടെ ജീവൻ നിലനിർത്താനും സംരക്ഷിക്കാനും ആവശ്യമായ പദ്ധതികൾ ജലവിഭവ വകുപ്പും റവന്യൂ വകുപ്പും പഞ്ചായത്ത് വകുപ്പും സംയുക്തമായി ആലോചിച്ച് അതിനുള്ള ക്രമീകരണങ്ങളും പദ്ധതികളും നടപ്പാക്കണം. ഈ പുഴയിൽ അടിഞ്ഞുകൂടിയ മണലും മണ്ണും നീക്കം ചെയ്താൽതന്നെ കോടിക്കണക്കിന് രൂപ അതിൽനിന്ന് വരുമാനമുണ്ടാകും, അതുവച്ചുകൊണ്ട് പുഴയുടെ ഓരങ്ങളെ സംരക്ഷിക്കാനാവശ്യമായ പദ്ധതികൾക്ക് രൂപംകൊടുക്കാനാകും. അതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതികളുടെ പ്രയോജനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുവെന്നും ഭാരതപ്പുഴയെ ലൈവായി നിർത്തുന്നതിനാവശ്യമായ സംരക്ഷണ പ്രവർത്തനം ഭാരതപ്പുഴയിലും നടത്തണം. ഓരങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കണമെന്നുമാണ് എന്റെ ഈ സബ്മിഷനിലൂടെ വിനീതമായി ഞാൻ അഭ്യർത്ഥിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, സംസ്ഥാനത്തെ നദികളിൽവച്ച് വലിയ വൃഷ്ടി പ്രദേശമുള്ള നദിയാണ് ഭാരതപ്പുഴയെങ്കിലും മറ്റ് ചില നദികളുമായി താരതമ്യം ചെയ്യുമ്പോൾ നീരൊഴുക്ക് പൊതുവിൽ

കുറവാണ്. വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഈ നദീതടത്തിൽ വരുന്നതാണ് ഇതിനുള്ള ഒരു കാരണം. മഴക്കാലത്ത് ജലലഭ്യത വളരെ കൂടുതലുള്ള നദിയാണ് ഭാരതപ്പുഴ. ഏകദേശം 96-97 ശതമാനം നീരൊഴുക്കും ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണുള്ളത്. ഡിസംബർ മുതൽ മേയ് വരെയുള്ള മാസങ്ങളിലെ നീരൊഴുക്ക് 3-4 ശതമാനം വരെ മാത്രമാണ്. ആയതിനാൽത്തന്നെ വേനൽക്കാലമാകുന്നതോടുകൂടി ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ധാരാളമുള്ള നദീതടമാണ് ഭാരതപ്പുഴ. പ്രകൃതിദത്തവും മനുഷ്യ നിർമ്മിതവുമായ ഘടകങ്ങളാണ് നദിയെ നിലവിലെ സ്ഥിതിയിലെത്തിച്ചത്. നദിയുടെ ഉത്ഭവസ്ഥാനവും പതനസ്ഥാനവും തമ്മിലുള്ള ചരിവാണ് പ്രകൃതിദത്ത ഘടകം. അതുകൊണ്ടുതന്നെ നദിയിലെ ജലം വളരെ വേഗത്തിൽ കടലിൽ എത്തിച്ചേരുന്നു. കൂടാതെ മംഗലം, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, വാളയാർ, മലമ്പുഴ, കാഞ്ഞിരപ്പുഴ തുടങ്ങി ചെറുതും വലുതുമായ അണക്കെട്ടുകളും ഈ നദിയിലുണ്ട്. ഹരിത കേരളം മിഷന്റെ ഉപ മിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുതലത്തിൽ സംയോജിത നീർത്തട പദ്ധതികൾ തയ്യാറാക്കുകയും കുളങ്ങളുടെ

സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. നദിയിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകളും റെഗുലേറ്ററുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, കൃഷിക്ക് ജലം ലഭ്യമാക്കുന്നതിനായി ഭാരതപ്പുഴ നദീതടത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നിർമ്മിച്ചിട്ടുണ്ട്. 2018-19 പ്രളയത്തെത്തുടർന്ന് ജലസേചന നിർമ്മിതികളായ തടയണ, റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയ ചെളി, എക്കൽ മണ്ണ്, മണൽ, മാലിന്യം എന്നിവ നീക്കം ചെയ്യുന്ന പ്രവർത്തനവും പുരോഗമിച്ചുവരുന്നു. ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് ഭാരതപ്പുഴയിലെ നീരൊഴുക്കിന് തടസ്സമായിരുന്ന തവനൂർ ബ്രഹ്മക്ഷേത്രത്തിനും തൃക്കണ്ണാപുരം പമ്പ് ഹൗസിനുമിടയിലുള്ള പ്രദേശത്തെ ചെളിയും മറ്റ് പാഴ്വസ്തുക്കളും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ നിർദ്ദേശിച്ചതനുസരിച്ച് ഭാരതപ്പുഴയുടെ പട്ടാമ്പി ഭാഗത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നദിയിൽ അടിഞ്ഞുകൂടിയ മണൽ, ചെളി, മാലിന്യം എന്നിവ സംബന്ധിച്ച് കൃത്യമായ വിവരശേഖരണം നടത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഭാരതപ്പുഴയുടെ ജലവിനിയോഗത്തിനും റിസർവോയറുകളുടെ സംയോജിതവും ഫലപ്രദവുമായ പ്രവർത്തനത്തിനും പ്രളയം, വരൾച്ച തുടങ്ങിയ പരിസ്ഥിതിക്ക് വിഘാതമാകുന്ന പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്നതിനായി ഒരു റിവർ ബേസിൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്. റിസർവോയറുകളിലെ സംയോജിതമായ പ്രവർത്തനങ്ങളിലൂടെ ഉചിതമായ പ്രളയ നിയന്ത്രണവും വരൾച്ചാ കാലഘട്ടങ്ങളിൽ പുഴകളിലേയ്ക്ക് ആവശ്യമായ നീരൊഴുക്ക് ഉറപ്പുവരുത്തുന്നതുമായ നടപടികൾക്ക് റിവർ ബേസിൻ മാനേജ്മെന്റ് പ്ലാൻ ഉപകരിക്കുന്നതിനാൽ ഭാരതപ്പുഴയുടെ സുസ്ഥിരമായ പരിപാലനം സാധ്യമാകുന്നതാണ്. ആയതിലേയ്ക്കായി 'Development of Decision Support System for River Operation Management for Bharatapuzha Base' എന്ന പദ്ധതി ജലവിഭവ വകുപ്പ് പാലക്കാട് Indian Institute of Technology (IIT)-യെയും അതിന് താൽപ്പര്യമുള്ള എഞ്ചിനീയറിംഗ് കോളേജുകളെയും പങ്കെടുപ്പിച്ചുകൊണ്ട് സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള ശിപാർശ സർക്കാർ തലത്തിൽ

പരിശോധിച്ചുവരികയാണ്. ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ശ്രീ. പി. മമ്മിക്കുട്ടി ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമാണ്. അത് വളരെ ഗൗരവമായി തന്നെയാണ് ഗവൺമെന്റ് കാണുന്നത്.

## (3) കോമൺവെൽത്ത് ഹാന്റ്ലൂമിന്റെ പ്രവർത്തനം

ശ്രീ. ഇ. കെ. വിജയൻ: സർ, 1844-ൽ സ്ഥാപിതമായ കോഴിക്കോട് കോമൺവെൽത്ത് ഹാന്റ്ലൂംസ് എന്ന സ്ഥാപനം കേരള നിയമസഭ പാസ്സാക്കിയ ബിൽ പ്രകാരം ഹെറിറ്റേജ് ഇൻഡസ്ട്രിയായി പ്രവർത്തിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

വൈറ്റ് ഹൗസ്, ഫ്രഞ്ച് കൊട്ടാരം, ബ്രിട്ടീഷ് രാജ്ഞിയുടെ കൊട്ടാരം, രാഷ്ട്രപതി ഭവൻ, എയർ ഇന്ത്യ, ആഫ്രിക്കൻ രാജ്യങ്ങൾ എന്നീ പ്രദേശങ്ങളിൽ/മേഖലകളിലേയ്ക്കായിരുന്നു ഇവിടെ ഉൽപാദിപ്പിച്ച ഉൽപ്പന്നങ്ങൾ എത്തിയിരുന്നത്. സ്വാതന്ത്ര്യത്തിനുശേഷമെടുത്ത നടപടിയുടെ ഭാഗമായി നടത്തിപ്പ് കമ്മിറ്റിയുടെ മിസ്മാനേജ്മെന്റുമൂലമാണ് ഈ സ്ഥാപനം തകർന്നത്. കോഴിക്കോടിന്റെ നഗര ഹൃദയത്തിലുള്ള ഭൂമി ഏത് വിലയ്ക്കും ഏറ്റെടുക്കാൻ ആളുകളുണ്ട്. അത് മനസ്സിലാക്കി ചിലർ ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ട്. ഓർഡിനൻസും ബില്ലും വന്നതിനുശേഷമാണ്

വിൽപ്പന നടന്നത്. എൽ.ഡി.എഫ്.-ന്റെ ഭരണകാലമായ 2010-ൽ ശ്രീ. എളമരം കരീം വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഈ സ്ഥാപനം ഏറ്റെടുക്കാൻ ഓർഡിനൻസ് കൊണ്ടുവന്നത്. പിന്നീട് ബിൽ നിയമസഭയിൽ പാസ്സാക്കണമെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടു. 2012-ൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായപ്പോൾ ഈ ബിൽ നിയമസഭയിൽ കൊണ്ടുവന്ന് ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. പലപ്പോഴും രാത്രികാലങ്ങളിൽ ഭൂമാഫിയ കെട്ടിടം പൊളിക്കാനുള്ള ശ്രമങ്ങൾ നടത്തിയപ്പോൾ സമരം ചെയ്യുന്ന തൊഴിലാളികളും നാട്ടുകാരും ചേർന്ന് അത് തടഞ്ഞു. 2017 മാർച്ച് 31-ന് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി വന്നു. സ്ഥാപനം അടച്ചുപൂട്ടിയത് തെറ്റാണെന്നും തൊഴിലാളികൾക്ക് എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നും ആവശ്യപ്പെട്ടു. ഈ നിയമത്തിന് 2018 ഫെബ്രുവരി 1-ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുകയും തുടർന്ന് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ വിഷയത്തിൽ ഇടപെട്ട് ഡൽഹിയിലെ കേരള റെസിഡന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി. അന്നത്തെ വ്യവസായ

വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ Kerala State Industrial Development Corporation (KSIDC)-യുടെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ലാഭകരമായി നടത്താനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2014-ൽ പുരാവസ്തു വകുപ്പ് ഡയറക്ടർ ഈ സ്ഥാപനം സന്ദർശിക്കുകയും സംരക്ഷണ സ്മാരകമായി ഫാക്ടറിയെ നിലനിർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഫയൽ ജില്ലാ കളക്ടറെ ഏൽപ്പിച്ചു. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഇടപെട്ട് ഈ സ്ഥാപനം സംരക്ഷിക്കുന്നതിന് ജില്ലാ കളക്ടറോട് നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 11 വർഷമായി അവിടെ തൊഴിലാളികൾ നടത്തുന്ന സമരം കേവലം കൂലി കൂടുതലിനുവേണ്ടിയല്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഏടുകൾക്ക് സാമൂഹിക പ്രതിബദ്ധതയോടെ നേതൃത്വംകൊടുത്ത സഖാവ് പി. കൃഷ്ണപ്പിള്ളയുടെ സാന്നിദ്ധ്യം അവിടെയുണ്ടായിരുന്നു. ആദ്യമായി രക്തപതാക ഉയർത്തിയത് അവിടെയാണ്. 11 വർഷത്തെ കാത്തിരിപ്പിനുശേഷം മൂന്ന് തൊഴിലാളികൾ മരണപ്പെട്ടു. 15 തൊഴിലാളികൾ പ്രായംകൂടിയവരായി മാറി. ബാക്കി തൊഴിലാളികളും ഏറെ പ്രയാസത്തിലാണ്. തൊഴിലാളികളുടെ പ്രശ്നത്തിന്

പരിഹാരം കാണണം. ഇത് സർക്കാർ ഏറ്റെടുത്ത് ഹെറിറ്റേജ് ഇൻഡസ്ട്രിയായി പ്രവർത്തിപ്പിക്കണം. നേരത്തെ ഏറെ വിദേശ ടൂറിസ്റ്റുകൾ വരുമായിരുന്ന ഒരു സ്ഥാപനമാണിത്. ഹെറിറ്റേജ് ഇൻഡസ്ട്രിയായി വന്നുകഴിഞ്ഞാൽ അനന്തമായ സാധ്യതകളാണുണ്ടാകുന്നത്. കോഴിക്കോടിന്റെ മുഖഛായയെന്ന് പറയുന്നത് മാനാഞ്ചിറ മൈതാനവും ടൗൺ ഹാളും കോമൺവെൽത്ത് ഹാന്റ്ലൂംസുമാണ്. ഇപ്പോഴും ഭൂമി കൈവശപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ഇടക്കാലത്ത് ഭൂമിവാങ്ങിയവർ കോടതിയെ സമീപിച്ചിട്ടുണ്ട്. തൊഴിലാളികൾ അതിൽ കക്ഷിചേർന്നിട്ടുണ്ട്. ആ സ്റ്റേ ഒഴിവാക്കി ഈ ബില്ലിൽ സൂചിപ്പിച്ചതുപോലെ ഹെറിറ്റേജ് ഇൻഡസ്ട്രിയായി നടപ്പിലാക്കാനുള്ള എല്ലാ ശ്രമങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ഇ. കെ. വിജയൻ അവതരിപ്പിച്ച സബ്മിഷൻ അദ്ദേഹംതന്നെ മുമ്പ് നിവേദന രൂപത്തിൽ നൽകിയിട്ടുണ്ട്. ബഹുമാന്യനായ ടി. പി. രാമകൃഷ്ണൻ എം.എൽ.എ.-യും കോഴിക്കോടുള്ള മറ്റ് എം.എൽ.എ.-

മാരും നിവേദനമായി നൽകിയിട്ടുള്ള വിഷയമാണിത്. 2009 മുതൽ പ്രവർത്തനം നിലച്ച കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റ് നെയ്ത്ത് ഫാക്ടറി ഏറ്റെടുത്ത് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ ഇൻഡസ്ട്രിയൽ മ്യൂസിയമാക്കി മാറ്റുന്നതിന്, കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (വിലയ്ക്കെടുക്കൽ കൈമാറ്റവും) ആക്ട് 2012 എന്ന നിയമം കേരള നിയമസഭ പാസ്സാക്കി. അതിന് 2018 ഫെബ്രുവരി 1-നാണ് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത്. ഈ നിയമം 2018 ഫെബ്രുവരി 19-ന് ഗസറ്റിൽ വിജ്ഞാപനം ചെയ്തു. കോമൺവെൽത്ത് ട്രസ്റ്റ് ഇന്ത്യാ ലിമിറ്റഡിന്റെ കീഴിലുള്ള Comtrust ഹാന്റ്ലൂം ഫാക്ടറി പുന:സംഘടിപ്പിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുവേണ്ടിയും, ഈ സ്ഥാപനത്തിൽ വ്യവസായ മ്യൂസിയം ഉല്പാദന കേന്ദ്രവുമാക്കി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ നിലനിർത്തുന്നതിനും വേണ്ടിയുള്ളതാണ് ഈ നിയമം. പ്രസ്തുത നിയമപ്രകാരം കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റിന്റെ കീഴിൽ കോഴിക്കോട് ടൗണിലുള്ള നെയ്ത്ത് ഫാക്ടറിയും അതിനോടനുബന്ധിച്ചുള്ള വസ്തുവകകളും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാക്കേണ്ടതും അതോടൊപ്പം

കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതുമാണ്. 2012-ൽ ബിൽ നിയമസഭ പാസ്സാക്കുന്നതിനുമുമ്പ്, ആകെ ഉണ്ടായിരുന്ന 3.84 ഏക്കറോളം ഭൂമിയിൽ 2.8 ഏക്കർ ഭൂമി ഈ കാലയളവിനുള്ളിൽ ട്രസ്റ്റ് വിൽക്കുകയുണ്ടായി. വില്പന നടത്തിയ ഭൂമിയും നിയമപ്രകാരം കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറി ലഭിക്കേണ്ടതാണ്. 2018-ൽ ബില്ലിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് ഭൂമി വാങ്ങിയവർ കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ഈ ആക്ടിന്മേൽ തുടർനടപടികൾ നിർത്തി വയ്ക്കുന്നതിന് ഇടക്കാല ഉത്തരവ് വാങ്ങുകയും ചെയ്തു. അതിനാൽ കോമൺവെൽത്ത് ട്രസ്റ്റിന്റെ കൈവശാവകാശം ഏറ്റെടുക്കുന്നതിനും ആക്ട് പറയുന്നതുപ്രകാരം നടപടികളുമായി മുന്നോട്ടുപോകുന്നതിനും സംസ്ഥാന സർക്കാരിനും കെ.എസ്.ഐ.ഡി.സി.-ക്കും കാലതാമസം നേരിട്ടിരിക്കുന്നു. സംസ്ഥാന സർക്കാരും കെ.എസ്.ഐ.ഡി.സി.-യും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ഈ നിയമത്തിന്റെ 35-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച് നിയമം നടപ്പിലാക്കുന്നതിനായി കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ

സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇത് പ്രസിദ്ധപ്പെടുത്താൻ സാധിച്ചിട്ടില്ല. ഉത്തരവ് നീങ്ങുന്നതുപ്രകാരം ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. 2009 ജനുവരി മാസംവരെ പ്രവർത്തിച്ചിരുന്ന കോമൺവെൽത്ത് നെയ്ത്ത്ശാലയിൽ 254 തൊഴിലാളികളുണ്ടായിരുന്നു. എന്നാൽ പലവിധ കാരണങ്ങളാൽ സ്ഥാപനം നഷ്ടത്തിലായതിനെ തുടർന്ന് വിവിധ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ voluntary retirement scheme പ്രകാരം ഭൂരിപക്ഷം തൊഴിലാളികളും ആനുകൂല്യം കൈപ്പറ്റി പിരിഞ്ഞുപോയെങ്കിലും താരതമ്യേന സർവ്വീസ് ദൈർഘ്യം കുറഞ്ഞ 107 തൊഴിലാളികൾ പിരിഞ്ഞുപോകാതെ സ്ഥാപനത്തിൽ തുടരുകയും ചെയ്തു. ആക്ട് നിലവിൽ വരുന്നതിനുമുമ്പുതന്നെ/പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്നതിനുമുമ്പുതന്നെ 25-07-2014-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം 2016 ഒക്ടോബർ 27-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിവിധിപ്രകാരവും Comtrust-ലെ ജീവിച്ചിരിക്കുന്നവരും 58 വയസ്സ് പൂർത്തിയാകാത്തവരുമായ 77 ജീവനക്കാർക്ക് ഇപ്പോൾ കെ.എസ്.ഐ.ഡി.സി. മുഖേന പ്രതിമാസം 5,000 രൂപ വീതം സമാശ്വാസ

വേതനമെന്ന നിലയ്ക്ക് നൽകിവരുന്നുണ്ട്.

(4) ഗതാഗതം സുരക്ഷിതമാക്കൽ

ശ്രീമതി യു. പ്രതിഭ: സർ, ദേശീയ പാത എട്ട് കിലോമീറ്റർ കടന്നുപോകുന്ന മണ്ഡലമാണ് കായംകുളം. നിലവിൽ കരുവാറ്റ മുതൽ ഓച്ചിറ വരെയുള്ള ദേശീയ പാതയിൽ അപകടകരമായ രൂപത്തിൽ കുഴികൾ രൂപപ്പെട്ടിരിക്കുകയാണ്. 2021 ജനുവരി മാസംതന്നെ, കുഴികൾ ചെറുതായി രൂപപ്പെടാൻ തുടങ്ങിയത് ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അന്ന് അത് ശരിയാക്കുന്നതിന് യാതൊരുവിധ നടപടിയും കൈക്കൊണ്ടില്ല. ഇപ്പോൾ ആ കുഴികൾ വലിയ ഗർത്തങ്ങളായി രൂപം കൊണ്ടിരിക്കുകയാണ്. ഇക്കാര്യം, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ അദ്ദേഹം വളരെ കർശനമായി ദേശീയപാത അതോറിറ്റിയോട് ഈ വിഷയം പറയുകയും അതിലിടപെടുകയും ചെയ്തത് എന്റെ സാന്നിദ്ധ്യത്തിൽതന്നെയായിരുന്നു. എന്നാൽ ഇപ്പോഴും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് എൻ.എച്ച്.എ.ഐ. അറ്റകുറ്റപണികൾ ചെയ്യാതെയിരിക്കുകയാണ്. എൻ.എച്ച്.എ.ഐ.-യുടെ

ഈ അനാസ്ഥ ജനങ്ങൾ അറിയുന്നില്ല. അതുകൊണ്ട് സർക്കാരിനെതിരെ നവമാധ്യമങ്ങളിലൂടെയും പത്ര-ദൃശ്യമാധ്യമങ്ങളിലൂടെയും ഇതുസംബന്ധിച്ചുള്ള നിരവധിയായ വ്യാജ വാർത്തകൾ ഗവൺമെന്റിനെതിരെ പ്രചരിപ്പിക്കുന്ന അവസ്ഥ വരികയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇതിലിടപെട്ട് ഈ പ്രശ്നം പരിഹരിക്കാനായി ശ്രമിച്ച സാഹചര്യത്തിലും എൻ.എച്ച്.എ.ഐ.-യുടെ ഭാഗത്തുനിന്ന് സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ഇത് മുടങ്ങുന്നത് കൃത്യമായി അന്വേഷിക്കുകയും.... എന്നാൽ നിലവിൽ റോഡിന്റെ സ്ഥിതി ഗുരുതരമാണെന്നുള്ള വസ്തുത അവിടെ നിലനിൽക്കുകയാണ്. വലിയ ഗൗരവതരമായ അവസ്ഥയിലേയ്ക്കാണ് അത് പോകുന്നത്. നിരവധി വാഹനങ്ങൾ അപകടത്തിൽപ്പെടുന്നുണ്ട്. എൻ.എച്ച്.എ.ഐ.-യുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപത്തിനെതിരെ ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുണ്ടാകണമെന്നും നിലവിലെ ഗുരുതരമായ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് സാധ്യമായതെല്ലാം ചെയ്തുതരണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരവകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, വളരെ പ്രസക്തവും പരിഹരിക്കപ്പെടേണ്ടതുമായ പ്രശ്നം

തന്നെയാണ് ബഹുമാനപ്പെട്ട അംഗം അഡ്വ. യു. പ്രതിഭ ഉന്നയിച്ചത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി, മെയ് 20-ന് വകുപ്പിന്റെ ചുമതല ഏറ്റെടുത്തതുമുതൽ തുടർച്ചയായി കേന്ദ്രസർക്കാരിന്റെയും എൻ.എച്ച്.എ.ഐ.-യുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ഇടപെടുകയും ചെയ്തിട്ടുണ്ട്. ഇത് ഒറ്റപ്പെട്ട വിഷയമല്ല, പൊതുവായ വിഷയമാണ്. സംസ്ഥാനത്ത് 1781 കിലോമീറ്റർ ദൈർഘ്യമുള്ള ദേശീയ പാതയാണ് നിലവിലുള്ളത്. ഇതിൽ 548 കിലോമീറ്റർ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് ദേശീയ പാതാ വിഭാഗത്തിന്റെ കൈവശമുള്ളത്. അതായത് ആകെയുള്ളതിന്റെ മുപ്പത് ശതമാനം മാത്രം. ബാക്കിയുള്ള എഴുപത് ശതമാനം റോഡുകളുടെ പരിപാലന ചുമതല ദേശീയ പാത അതോറിറ്റിയ്ക്കാണ്. എന്നാൽ മുമ്പ് ഇങ്ങനെയായിരുന്നില്ല. മുമ്പ് സംസ്ഥാനത്ത് ദേശീയ പാതകളുടെ പരിപാലനം സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്തമായിരുന്നു. ഈ പാതകളിൽ അറ്റകുറ്റപണികൾക്കുള്ള തുക സംസ്ഥാന സർക്കാരിന് അധികം സമയമെടുക്കാതെ ചെലവഴിക്കാൻ നേരത്തെ കഴിയുമായിരുന്നു. എന്നാൽ 12-05-2020-ലെ കേന്ദ്ര ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം തലപ്പാടി മുതൽ കാരോട് വരെയുള്ള NH 66, ബോഡിമെട്ട് മുതൽ കുണ്ടന്നൂർ വരെയുള്ള NH

85, കൊല്ലം മുതൽ കോട്ടവാസൽ വരെയുള്ള NH 744, കോഴിക്കോട് മുതൽ പാലക്കാട് വരെയുള്ള NH 966 എന്നീ ദേശീയ പാതകൾ, ദേശീയ പാത അറോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ദേശീയ പാതകൾ നാലുവരിയോ ആറ് വരിയോ ആക്കുന്നതിന്റെ ഭാഗമായാണ് ഇവ കൈമാറിയത്. ഈ പാതകളിൽ ദേശീയപാത അതോറിറ്റി പ്രത്യേകമായി ഫണ്ട് അനുവദിച്ചാൽ മാത്രമേ പൊതുമരാമത്ത് വകുപ്പിന് നിലവിൽ പ്രവൃത്തി നടത്താൻ സാധിക്കു. അല്ലാതെ ഒരുതരത്തിലും പൊതുമരാമത്ത് വകുപ്പിന് പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിക്കില്ല. സംസ്ഥാനത്തിന് സ്വന്തമായി ഇക്കാര്യത്തിലൊന്നും ചെയ്യാനാകില്ല. ദേശീയ പാത അതോറിറ്റി നേരിട്ട് പ്രവൃത്തി ചെയ്യുന്നതിലെ കാലതാമസം വകുപ്പ് ചുമതലയേറ്റെടുത്തതുമുതൽ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ നിരവധി തവണ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റോഡ്, ദേശീയ പാത അതോറിറ്റിക്ക് കൈമാറിയെന്ന് പറഞ്ഞ് കൈയൊഴിഞ്ഞ് മാറി നിൽക്കുകയല്ല പൊതുമരാമത്ത് വകുപ്പ് ചെയ്തത്. എൻ.എച്ച്.എ.ഐ.-യുടെ കീഴിൽ വരുന്ന റോഡുകളുടെ മോശം അവസ്ഥ നിരവധിതവണ ദേശീയ പാതാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഒരുവർഷത്തിനുള്ളിൽ ഏഴ്

തവണ ഈ വിഷയം ചൂണ്ടിക്കാണ്ടി ദേശീയ പാത അതോറിറ്റിക്ക് കത്തയച്ചിട്ടുമുണ്ട്. വകുപ്പ് ചുമതലയേറ്റെടുത്തയുടനെ ഗൗരവത്തോടെ ഈ വിഷയം ചർച്ച ചെയ്തു. പ്രശ്നത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയായ ശ്രീ. നിതിൻ ഗഡ്കരിയ്ക്ക്, മന്ത്രിയെന്ന നിലയിൽ ജൂലൈ മാസത്തിൽ കത്ത് അയയ്ക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയ റീച്ചിന്റെ പ്രശ്നത്തിലും പ്രത്യേകമായ ഇടപെടലാണ് പൊതുമരാമത്ത് വകുപ്പ് നടത്തിയിട്ടുള്ളത്. റോഡ് അറ്റകുറ്റപണികൾ ചെയ്യണമെന്ന് ആവശ്യപ്പെട്ട് നേരത്തെതന്നെ ദേശീയ പാത അതോറിറ്റിക്ക് കത്ത് നൽകി. 2020 ജൂൺ 8-ന് ചീഫ് എഞ്ചിനീയർ ആദ്യ കത്ത് അയച്ചു. അങ്ങനെ നിരന്തരമായ ഇടപെടലുകൾക്കൊടുവിൽ 2021 ഫെബ്രുവരിയിൽ അറ്റകുറ്റപണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ദേശീയ പാത അതോറിറ്റി നിർദ്ദേശിച്ചു. 1 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2021 ഫെബ്രുവരി 19-ന് ദേശീയ പാത അതോറിറ്റിക്ക് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് കൈമാറുകയും ചെയ്തു. ഇത്തരത്തിൽ പത്തൊമ്പത് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് കൈമാറിയിട്ടുണ്ട്. എന്നാൽ

ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാട്ടിയ ഹരിപ്പാട് മാധവ ജംഗ്ഷൻ-കൃഷ്ണപുരം റീച്ചിന്റെ പ്രവർത്തിക്കുള്ള എസ്റ്റിമേറ്റ്, 2021 ഫെബ്രുവരി 19-ന് നൽകിയ എസ്റ്റിമേറ്റ് അംഗീകരിച്ച് തുക അനുവദിച്ചത് ജൂലൈ 20-നാണ്. അതായത് അഞ്ച് മാസമെടുത്താണ് ദേശീയപാത അതോറിറ്റി തീരുമാനമെടുത്തത്. അതിനുശേഷം ഒരുകാലതാമസവും നടപടിക്രമങ്ങളിൽ പൊതുമരാമത്ത് വകുപ്പ് ഉണ്ടാക്കിയിട്ടില്ല. രണ്ട് ദിവസത്തിനുള്ളിൽതന്നെ ടെണ്ടർ നടപടികൾ ആരംഭിച്ചു. ആഗസ്റ്റ് 5-ന് ടെണ്ടർ ഓപ്പൺ ചെയ്തു. എന്നാൽ ആരും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. അതിനാൽ നിയമപരമായി റീ-ടെണ്ടർ ചെയ്യണം. അന്നുതന്നെ റീ-ടെണ്ടർ ചെയ്തു. ആഗസ്റ്റ് 13-നാണ് റീ-ടെണ്ടർ തുറന്നത്. പ്രവർത്തനങ്ങൾ വേഗതയിൽ നടത്താൻ പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഇവിടെ മാത്രമുള്ള വിഷയമല്ല. സംസ്ഥാനത്തിന്റെ പലമേഖലകളിലും ദേശീയ പാതകളിലെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടക്കാത്ത വിഷയമുണ്ട്. ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരം കാണുന്നതിനാണ് ലക്ഷ്യമിടുന്നത്. ദേശീയ പാത അതോറിറ്റിയുമായി ഇനിയും സംസാരിക്കും. കേരളത്തിന്റെ കാലാവസ്ഥ കൂടി കണക്കിലെടുത്ത് അതിന് അനുയോജ്യമായ തരത്തിൽ

മൺസൂണിന് മുമ്പുതന്നെ അറ്റകുറ്റപണികൾ നടത്തണമെന്നാണ് സംസ്ഥാന സർക്കാർ നിലപാട്. എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനുമതി നൽകുന്നതിലും എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിലും എൻ.എച്ച്.എ.ഐ.-യിൽ നിന്നുള്ള കാലതാമസം ഒഴിവാക്കുകയാണ് പ്രധാനം. ഇതിനായി ദേശീയ പാതകളിൽ കിലോമീറ്ററിന് നിശ്ചിത നിരക്ക് നിശ്ചയിച്ച് പൊതുമരാമത്ത് വകുപ്പിന് തുക ഡിപ്പോസിറ്റ് ചെയ്യുവാനുള്ള സംവിധാനം ഉണ്ടായാൽ സംസ്ഥാനത്തിനുതന്നെ അറ്റകുറ്റപണികൾ നടത്താൻ കഴിയുമെന്ന കാര്യം കേന്ദ്രസർക്കാരിനെ മുമ്പുതന്നെ അറിയിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള ശക്തമായ സമ്മർദ്ദം സംസ്ഥാനം നടത്തും. കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽ ഒരിക്കൽക്കൂടി ഈ വിഷയം കൊണ്ടുവന്ന് ശാശ്വത പരിഹാരത്തിനുള്ള ശ്രമം തുടരും.

(5) താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ ഗ്രേഡ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. 2008-ലാണ് താലൂക്കാശുപത്രിയായി പ്രഖ്യാപിച്ചിട്ടുള്ളത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയും കാരുണ്യ മെഡിക്കൽ സ്റ്റോറും വിവിധ പരിശോധന ലബോറട്ടറികളുമെല്ലാം

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ പ്രാവർത്തികമാക്കിയിട്ടുള്ളതാണ്. ഡയാലിസിസ് യൂണിറ്റും അവിടെ പ്രവർത്തിച്ചുവരികയാണ്. 1200 രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്ക് വിധേയമാകുന്നുണ്ട്. ഇപ്പോൾ 38 കിടക്കകൾക്കനുസൃതമായ ഡോക്ടർമാരും ജീവനക്കാരുമാണുള്ളത്. ഇപ്പോൾ 50 കിടക്കകൾ രോഗികൾക്കുവേണ്ടി ഉപയോഗിക്കുന്നുണ്ട്. ഇത്തരമൊരു ആശുപത്രി വികസനം സാധ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തത്വത്തിൽ കഴിഞ്ഞ ഗവൺമെന്റുതന്നെ അംഗീകരിച്ചിട്ടുള്ളതാണ്. നിപ വൈറസിനെ പ്രതിരോധിക്കുന്നതിൽ മാതൃകാപരമായ പ്രവർത്തനമാണ് ഈ ആശുപത്രി നടത്തിയത്. ഈ പ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെട്ടുവരുമ്പോഴാണ് സിസ്റ്റർ ലിനി മരിക്കാനിടയായത്. കോവിഡ് പ്രതിരോധത്തിലും ഈ ആശുപത്രിയിൽ ഇപ്പോൾ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആശുപത്രി വികസനത്തെ ലക്ഷ്യം വച്ച് കിഫ്ബിവഴി 77 കോടി 43 ലക്ഷം രൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ അനുവദിച്ചിട്ടുള്ളതാണ്. ഇതിന്റെ എസ്.പി.വി.-യായി ചുമതലപ്പെടുത്തിയിരിക്കുന്നത് INKEL-നെ ആണ്. ഫലപ്രദമായി നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ INKEL

വീഴ്ചവരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പേരാമ്പ്ര കോളേജിന്റെ ഭാഗമായിട്ടുള്ള സ്ഥലത്തുനിന്ന് രണ്ടേക്കർ സ്ഥലം ഈ ആശുപത്രിക്കായി അനുവദിക്കുന്നതിന് അന്നത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയും അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും ഇടപെട്ട് മീറ്റിംഗ് നടത്തി തീരുമാനമെടുത്തിട്ടുള്ളതാണ്. ഈ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ആശുപത്രിയുടെ വികസനം സാദ്ധ്യമാകണമെന്നുണ്ടെങ്കിൽ ഈ സ്ഥലം ഏറ്റെടുക്കണം. നേരത്തെയുള്ള മാനദണ്ഡമനുസരിച്ചുള്ള നിയമനങ്ങൾ നടക്കണം. രോഗികൾക്ക് സംരക്ഷണം കൊടുക്കാനാവശ്യമായ എല്ലാ നടപടികളും എടുക്കണം. ആശുപത്രിയുടെ വികസനം സാദ്ധ്യമാക്കുന്നതിനുവേണ്ടി സ്ഥലം എത്രയും വേഗത്തിൽ ഏറ്റെടുത്ത് ഇതിന്റെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി സംസ്ഥാന പാതയ്ക്ക്

സമീപത്തായി കൊയിലാണ്ടി താലൂക്കിൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലാണ് പേരാമ്പ്ര താലൂക്ക് ആശുപത്രി സ്ഥിതി ചെയ്യുന്നത്. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ 2008-ലാണ് താലൂക്ക് ആശുപത്രിയായി സ്ഥാപനത്തെ ഉയർത്തിയത്. അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 38 ആണ്. ആറ് കെട്ടിടങ്ങളിലായാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. കോവിഡിനുമുൻപ് ശരാശരി പ്രതിദിന ഒ.പി. 1200 ആയിരുന്നു. ഇരുപത്തഞ്ചോളം പേർ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയിരുന്നു. നിലവിൽ ശരാശരി പ്രതിദിന ഒ.പി. 700-ഉം ഐ.പി.-15-ഉം ആണ്. ഈ ആശുപത്രിയിൽ 15 ഡോക്ടർമാരുൾപ്പെടെ 52 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇതിനുപുറമെ, 3 അസിസ്റ്റന്റ് സർജൻമാരുൾപ്പെടെ 22 പേരെ എൻ.എച്ച്.എം. മുഖാന്തിരം നിയമിച്ചിട്ടുണ്ട്. കൂടാതെ, എച്ച്.എം.സി. 21 താൽക്കാലിക ജീവനക്കാരെയും കോവിഡ് ബ്രിഗേഡിൽനിന്ന് 12 പേരെയും നിയമിച്ചിട്ടുണ്ട്. വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആശുപത്രിയിൽ നടന്നിട്ടുണ്ട്. പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് INKEL എന്ന

സ്ഥാപനത്തെ 2018-ൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിരുന്നു. പ്രസ്തുത സ്ഥാപനം തയ്യാറാക്കിയ കൺസെപ്റ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ 2019 മേയ് മാസത്തിൽ 77.43 കോടി രൂപയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതിയും നൽകിയിരുന്നു. ഈ ജൂലൈ മാസത്തിലാണ് ഇതിന് സാങ്കേതികാനുമതി ലഭിച്ചത്. INKEL തയ്യാറാക്കിയിട്ടുള്ള പദ്ധതി പ്രകാരം, 96,468 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 7 നിലകളോടുകൂടിയ 5 ഓപ്പറേഷൻ തീയേറ്ററുകളും 104 കിടക്കകളും ഉൾപ്പെടുന്ന കെട്ടിട സമുച്ചയമാണ് വിഭാവന ചെയ്തിരിക്കുന്നത്. ടെക്നിക്കൽ കമ്മിറ്റി നൽകിയ റിപ്പോർട്ട് സർക്കാരിൽനിന്ന് കിഫ്ബിയ്ക്കും സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി INKEL-നും നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡി.പി.ആർ. നിർവ്വഹണ ഏജൻസിയായ INKEL കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ.-ന്മേൽ വിശദമായ സാങ്കേതിക പരിശോധനകൾക്കുശേഷം കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതി ലഭിക്കേണ്ടതുണ്ട്. സാമ്പത്തിക അനുമതി ലഭിച്ച ശേഷം ടെക്നിക്കൽ സാങ്ഷൻ കൂടി നൽകിയാൽ മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനുകുകയുള്ളൂ. പദ്ധതിയ്ക്ക് എത്രയും പെട്ടെന്ന്

കിഫ്ബിയിൽനിന്ന് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും കിഫ്ബിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി പൂർത്തിയാക്കി എത്രയും പെട്ടെന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള കർശന നിർദ്ദേശം നിർവ്വഹണ ഏജൻസിക്കും ബന്ധപ്പെട്ടവർക്കും നൽകിയിട്ടുണ്ട്. ഈ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കാൻ കഴിയുമോ എന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

(6) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി താലൂക്കിലെയും അതുപോലെ കൊയിലാണ്ടി മണ്ഡലത്തിലെയും ആയിരങ്ങൾ ആശ്രയിക്കുന്ന ആതുരാലയമാണ് കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. തീരദേശ പ്രദേശത്തടക്കമുള്ള ആളുകൾ പ്രസവ ശുശ്രൂഷയ്ക്കുവേണ്ടി കോഴിക്കോട് കോട്ടപ്പറമ്പ് ആശുപത്രിയെയും കോഴിക്കോട് മെഡിക്കൽ കോളേജിനെയുമാണ് ആശ്രയിക്കുന്നത്. ദേശീയ പാതയിൽ വളരെ സൗകര്യത്തോടെയാണ് ഈ ബിൽഡിംഗ് നിൽക്കുന്നത്. ലക്ഷ്യ സ്റ്റാന്റേർഡിലുള്ള നല്ലൊരു ആശുപത്രിക്ക് ഇപ്പോൾ പ്രവൃത്തി

പൂർത്തീകരിച്ചിട്ടുണ്ട്. ഈ മാസം അവസാനം ആകുമ്പോഴേക്കും ആശുപത്രിയുടെ പണി പൂർത്തീകരിക്കും. ആശുപത്രിയുടെ പണി പൂർത്തീകരിച്ചാൽ അത് നല്ലരീതിയിൽ നടത്തണമെങ്കിൽ പതിനഞ്ചോളം തസ്തികകൾ അനിവാര്യമാണ്. ഗൈനക്കോളജി ഡോക്ടർമാർ, അനസ്തേഷ്യ വിഭാഗത്തിലുള്ളവർ, പീഡിയാട്രീഷ്യൻ, ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സുമാർ എന്നിവരടക്കമുള്ള പതിനഞ്ചോളം തസ്തികകളുണ്ടെങ്കിൽ മാത്രമേ കാര്യക്ഷമമായി ഇത് നടത്തുവാൻ കഴിയുകയുള്ളൂ. അതിനാൽ, തീരദേശ വിഭാഗമടക്കം ആശ്രയിക്കുന്ന ആശുപത്രിയെന്നുള്ള രീതിയിൽ പ്രസവ ശുശ്രൂഷയ്ക്കുവേണ്ടിയുള്ള സൗകര്യമൊരുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ഇത് നേരത്തെ ബഹുമാന്യയായ ഹെൽത്ത് മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നിവേദനവും കൊടുത്തിട്ടുണ്ട്. അനുഭാവപൂർണ്ണമായ തീരുമാനമെടുത്ത് പോസ്റ്റിംഗ് ഉൾപ്പെടെ വളരെ വേഗത്തിൽ പ്രാവർത്തികമാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യയായ അംഗം നേരത്തെ നിവേദനം നൽകിയിരുന്നതാണ്. കോഴിക്കോട്-കണ്ണൂർ ദേശീയപാതയ്ക്ക് സമീപത്തായി

സ്ഥിതി ചെയ്യുന്ന ഈ ആശുപത്രി ഇവിടെ സൂചിപ്പിച്ചതുപോലെ പ്രാദേശികമായി വളരെ പ്രധാനപ്പെട്ടൊരു ആശുപത്രിയാണ്. നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം 159 ആണ്. ദിനംപ്രതി ഒ.പി. വിഭാഗത്തിൽ രണ്ടായിരത്തോളം രോഗികൾ ഇവിടെ വരുന്നുണ്ട്. അത്യാഹിത വിഭാഗത്തിൽ 700-ഓളം രോഗികൾ ഈ ആശുപത്രിയിൽ ചികിത്സ തേടുന്നുണ്ട്. നാൽപ്പതോളം രോഗികൾ ഐ.പി. വിഭാഗത്തിലും ചികിത്സ തേടുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗത്തിൽ 16 ഡോക്ടർമാരുടെയും 4 ക്യാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെയും രണ്ട് അസിസ്റ്റന്റ് സർജൻമാരുടെയും ഒരു ദന്തൽ സിവിൽ സർജന്റെയും കൂടി മൊത്തം 23 ഡോക്ടർമാർ ഉൾപ്പെടെ ആകെ 128 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്ന് ഡോക്ടർമാരുൾപ്പെടെ എട്ട് പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഇതിനുപുറമെ, അഞ്ച് മെഡിക്കൽ ഓഫീസർമാരുൾപ്പെടെ 18 ജീവനക്കാരെ എൻ.എച്ച്.എം. മുഖാന്തിരവും 69 ജീവനക്കാരെ എച്ച്.എം.സി. മുഖാന്തിരവും കോവിഡ് ബ്രിഗേഡിൽനിന്നും എൻ.എച്ച്.എം. മുഖാന്തിരം 15

പേരെയും നിയമിച്ചിട്ടുണ്ട്. അങ്ങനെ 102 താല്ക്കാലിക ജീവനക്കാരുമുണ്ട്. 35 കോടി രൂപ ചെലവഴിച്ചുള്ള ആറ് നിലകളുള്ള പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. 10 പേർക്ക് ഒരുമിച്ച് ഡയാലിസിസ് ചെയ്യാൻ കഴിയുന്ന ഡയാലിസിസ് കേന്ദ്രം പ്രവർത്തനമാരംഭിച്ചു. 5 കോടി രൂപ ചെലവിൽ പുതിയ ട്രോമാ കെയർ സംവിധാനം പൂർത്തിയായി. 3 കോടി രൂപ ചെലവിൽ സ്ഥാപിച്ച സി.റ്റി.സ്കാൻ പ്രവർത്തനമാരംഭിച്ചു. ലക്ഷ്യ പദ്ധതിയിലുൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക ലേബർ റൂം, ലേബർ ഓപ്പറേഷൻ തീയേറ്റർ, പ്രസവ സംബന്ധമായ ശസ്ത്രക്രീയകളും നവജാത ശിശുക്കൾക്കുള്ള പരിചരണവും ഐ.സി.യു.-വും നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. 1.77 കോടി രൂപയുടെ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിവരുന്നത്. നിലവിൽ 90 ശതമാനത്തോളം പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 64 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തിയും 60 ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്.

അതുപോലെ, സെൻട്രലൈസ്ഡ് ഓക്സിജൻ സിസ്റ്റത്തിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതി പ്രകാരം മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള കെട്ടിട നിർമ്മാണത്തിനായി 30.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 23.76 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലയിലെ പ്രധാന ചികിത്സാ കേന്ദ്രങ്ങളിലൊന്നായി ഈ ആശുപത്രിയും അധിക തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോയെന്ന് മുൻപ് സൂചിപ്പിച്ചതുപോലെ സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് കണക്കിലെടുക്കുന്നുണ്ട്.